പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1633

21.01.2014 ൽ മറുപടി പറയേണ്ടിയിരുന്നത്.

## ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ വിന്യാസത്തിലൂടെ കാർഷികമേഖലയുടെ മുന്നേറ്റം

ചോദ്യം

ശ്രീ.ചിറ്റയം ഗോപകുമാർ

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ വിന്യാസത്തിലൂടെ കാർഷിക മേഖലയുടെ മുന്നേറ്റം സാദ്ധ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(എ) 2012-13 സാമ്പത്തിക വർഷം മുതലാണ് ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലും ഹൈടെക് ഫാമിങ്ങ് പദ്ധതി അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഹൈടെക് കൃഷിക്കായി 5.07 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഹൈടെക് പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് 935 രൂപ എന്ന നിരക്ക് അടിസ്ഥാനപ്പെടുത്തിയാണ് ധനസഹായം നൽകുന്നത്. ഈ തുകയുടെ 75 ശതമാനമായ 701.25 രൂപ ധനസഹായമായി അനുവദിക്കുന്നു. ഇതിൽ 50 ശതമാനം (467.5 രൂപ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ധനസഹായമായും 25 ശതമാനം (233.75 രൂപ) തുക സംസ്ഥാന പദ്ധതി വിഹിതമായുമാണ് നൽകി വരുന്നത്.

2013-14 സാമ്പത്തിക വർഷത്തിൽ ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കുവാനുള്ള ഭരണാനുമതി 20.08.2013-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.)1498/2013/എഡി പ്രകാരം ലഭിച്ചു. 160000 ചതുരശ്രമീറ്ററാണ് ലക്ഷ്യമിടുന്നത്. ഇതിൻപ്രകാരം 400 മുതൽ 4000 ചതുരശ്രമീറ്റർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസാണ് നിർമ്മിക്കുന്നത്.

25.07.2012-ലെ സർക്കാർ ഉത്തരവ് നം. (ആർ.റ്റി)1517/12 പ്രകാരം സംസ്ഥാനത്തെ 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പരമാവധി 40 മുതൽ 4000 ചതുരശ്രമീറ്റർ

| | | | |
|---|---|---|---|
| | | | വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 50% തുകയായ 467.50 രൂപ ധനസഹായമായി നൽകുന്നു. |
| (ബി) | അനുബന്ധ പദ്ധതികൾക്കായി നാളിതുവരെ ഓരോ ജില്ലയ്ക്കും ചെലവിട്ട തുക പദ്ധതി തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ; | (ബി) | ഹൈടെക് ഫാമിംഗ്, പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഹൈടെക് ഫാമിംഗ് പദ്ധതി എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇത്തരം കൃഷിസമ്പ്രദായങ്ങൾ നടപ്പിലാക്കിയതുമൂലം കാർഷികമേഖലയിൽ ഗണ്യമായ മാറ്റം ഉണ്ടായിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. പോളീഹൗസുകൾ കാര്യക്ഷമമായി മോണിറ്ററിംഗ് ചെയ്യുവാനും അതു സംബന്ധിച്ച വിവരങ്ങൾ ഇന്റർനെറ്റ് വഴി നിരീക്ഷിക്കുവാനും കർഷകരുടെ പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം നിർദ്ദേശിക്കുവാനും അതോടൊപ്പം ഉത്പന്നങ്ങളുടെ വിപണനത്തിൽ കർഷകർക്ക് നേരിട്ട് സഹായം ചെയ്യുവാനുമായി കേരളാ സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആന്റ് എൻവിറോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി) രൂപം നൽകിയ ആർക്ക്ജിസ് എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചു വരുന്നു. ഇതിലൂടെ സംസ്ഥാനത്തിന്റെ ഏത് ഭാഗത്ത് എത്ര മാത്രം ഉത്പന്നങ്ങൾ വിപണനത്തിന് ലഭ്യമാകും എന്ന് അറിയുന്നതും ഇതിന്റെ അടിസ്ഥാനത്തിൽ വിപണനത്തിന് കർഷകരെ സഹായിക്കുന്നതിനും കഴിയും. ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിലൂടെ കർഷകർ വിപണനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ നീക്കി വിപണനം കാര്യക്ഷമമാക്കുവാനും സാധിക്കും. കർഷകർക്ക് പോളിഹൗസിലെ കൃഷിയിൽ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് പ്രതിവിധി നിർദ്ദേശിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനും കേരള കാർഷിക സർവ്വകലാശാലയിലെ വിദഗ്ധരുടെ സേവനം ലഭ്യമാണ്. |
| (ഡി) | ഇല്ലായെങ്കിൽ അത്തരത്തിലുള്ള ഒരു സമഗ്ര വിലയിരുത്തലിന് നടപടി സ്വീകരിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

1633
21/1/14

**അനുബന്ധം**

ഹൈടെക് ഫാമിംഗ്, പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഹൈടെക് ഫാമിംഗ് പദ്ധതി എന്നിവയ്ക്കായി 2012-13 സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | കേന്ദ്ര വിഹിതം | സംസ്ഥാനവിഹിതം | പച്ചക്കറി വികസന പദ്ധതി (രൂപയിൽ) |
|---|---|---|---|---|
| | | ഹൈടെക് ഫാമിംഗ് (രൂപയിൽ) | | |
| 1 | തിരുവനന്തപുരം | 359040.00 | 179520.00 | 429345 |
| 2 | കൊല്ലം | 1621734 | 788117.00 | 234900 |
| 3 | പത്തനംതിട്ട | 748000.00 | 372000.00 | 1479000 |
| 4 | ആലപ്പുഴ | 936500.00 | 467500.00 | 217500 |
| 5 | ഇടുക്കി | 1420031.00 | 473343.00 | 210105 |
| 6 | കോട്ടയം | 1833030.00 | 916504.00 | 1920090 |
| 7 | എറണാകുളം | 5236000.00 | 2618000.00 | 394545 |
| 8 | തൃശ്ശൂർ | 1683000.00 | 841500.00 | 435000 |
| 9 | പാലക്കാട് | 3740000.00 | 1870000.00 | 3480000 |
| 10 | മലപ്പുറം | 3163275.00 | 1581637.00 | 0 |
| 11 | കോഴിക്കോട് | 1215500.00 | 607750.00 | 435000 |
| 12 | വയനാട് | 2591534.00 | 1111262.00 | 6960000 |
| 13 | കണ്ണൂർ | 1075250.00 | 561000.00 | 0 |
| 14 | കാസറഗോഡ് | 187000.00 | 93500.00 | 0 |
| | ആകെ | 25809894.00 | 12481633.00 | 16,195,485 |

സെക്ഷൻ ഓഫീസർ